"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- മലപ്പുറം ജില്ലയിലെ നിറമരുതൂർ ഉണ്ണ്യാലിലുള്ള സ്റ്റേഡിയം കം സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയത്തിന്റെയും, ഇൻഡോർ സ്റ്റേഡിയത്തിന്റെയും, കടമുറികളുടെയും, മറ്റ് അനുബന്ധ കാര്യങ്ങളുടെയും നടത്തിപ്പ് സ്പോർട്സ് കൗൺസിലിന് കൈമാറുന്നതിന് ഉത്തരവ് ഭേദഗതി ചെയ്ത് പുതുക്കിയ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.249/2026/F&P തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.18/2026/മതുവ തീയതി:08/01/2026
2. ഫിഷറീസ് ഡയറക്ടറുടെ 14/03/2026-ലെ DFTVM/3900/2025-D2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഉണ്ണ്യാൽ സ്റ്റേഡിയത്തോടനുബന്ധിച്ചുള്ള കടമുറികൾ മൊത്തമായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന് വാടകയ്ക്ക് നൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ, 26/08/25 ൽ താനൂർ റസ്റ്റ് ഹൗസിൽ ബഹു.കായിക ക്ഷേമ വകുപ്പ് മന്ത്രി വിളിച്ച് ചേർത്ത പദ്ധതി അവലോകന യോഗ തീരുമാന പ്രകാരം സ്റ്റേഡിയവും കടമുറികളും ഉൾപ്പെടെ മൊത്തമായി സ്പോർട്സ് കൗൺസിൽ ഏറ്റെടുക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. സ്റ്റേഡിയത്തിന്റെ നടത്തിപ്പ് നല്ല രീതിയിൽ കൊണ്ട് പോകുന്നതിനും ബന്ധപ്പെട്ട ചെലവുകൾക്കുമുള്ള തുക സ്പോർട്സ് കൗൺസിൽ കണ്ടെത്തേണ്ടതുണ്ടെന്നും, ആയതിലേക്ക് കടമുറികളിൽ നിന്നുള്ള വരുമാനവും, ഗ്രൗണ്ട് ഫീസ്, ഇൻഡോർ ഫീസ് തുടങ്ങി സ്റ്റേഡിയത്തിന്റെ പരിപാലനവും സ്പോർട്സ് കൗൺസിലിനെ ഏൽപ്പിച്ചാൽ മാത്രമേ സാധിക്കുകയുള്ളുവെന്നും 23.01.2026 ൽ ചേർന്ന ഉണ്ണ്യാൽ സ്റ്റേഡിയം സംയുക്ത പരിശോധന യോഗത്തിൽ വിലയിരുത്തിയിരുന്നു. അപ്രകാരം സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം, കടമുറികൾ എന്നിവ മൊത്തമായി ഇരുകക്ഷികളും ചേർന്ന് നിശ്ചയിക്കുന്ന വ്യവസ്ഥകൾ പ്രകാരം സ്പോർട്സ് കൗൺസിലിന് നടത്തിപ്പിനായി കൈമാറാൻ തീരുമാനിക്കുകയും ചെയ്തു. ആയതിനാൽ, ഉണ്ണ്യാൽ സ്റ്റേഡിയം നില നിൽക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഫിഷറീസ് വകുപ്പിൽ നില നിർത്തിക്കൊണ്ട് സ്റ്റേഡിയത്തിന്റെയും, ഇൻഡോർ സ്റ്റേഡിയത്തിന്റെയും, കടമുറികളുടെയും, മറ്റ് അനുബന്ധ കാര്യങ്ങളുടെയും നടത്തിപ്പ് സ്പോർട്സ് കൗൺസിലിന് കൈമാറുന്നതിലേക്ക് പരാമർശ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് പുതുക്കിയ അനുമതി ഉത്തരവ് ലഭ്യമാക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരോശോധിച്ചു. മേൽ സാഹചര്യത്തിൽ ഉണ്ണ്യാൽ സ്റ്റേഡിയം നില നിൽക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഫിഷറീസ് വകുപ്പിൽ നില നിർത്തിക്കൊണ്ടും ,സ്റ്റേഡിയം കൈമാറുമ്പോൾ സ്പോർട്സ് കൗൺസിലിന് ലഭിക്കുന്ന ലാഭത്തിന്റെ നിശ്ചിത ശതമാനം (10 ശതമാനത്തിൽ കുറയാത്ത തുക) ഫിഷറീസ് വകുപ്പിന് വാർഷിക തുകയായി ഓരോ സാമ്പത്തിക വർഷവും അടവാക്കുന്ന രീതിയിലും, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് അവരുടെ കായികമായ കഴിവുകൾ മികവുറ്റതാക്കുന്നതിന് മുൻഗണന നൽകുന്നതരത്തിലും, കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ സാഫ് സംരംഭകർക്ക് മുൻഗണന നൽകുന്ന തരത്തിലും, മത്സ്യത്തൊഴിലാളി സമൂഹത്തിന് പരമാവധി പ്രയോജനം ലഭിക്കുന്ന വ്യവസ്ഥകളോടെ മുകളിൽ സൂചിപ്പിച്ചവർക്ക് സ്പോർട്സ് കോംപ്ലെക്സ് നൽകുന്നതായി കണക്കാക്കി- വളരെ നാമമാത്രമായ നിരക്കിൽ കിഴിവുകൾക്ക് സ്പോർട്സ് കോംപ്ലെക്സ് വാഗ്ദാനം ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളി സമൂഹത്തിന് പ്രയോജനം ചെയ്യുക, കൂടാതെ ഭൂരിഭാഗം കടകളും മത്സ്യത്തൊഴിലാളി സമൂഹത്തിന് മാത്രം പാട്ടത്തിന് നൽകുക എന്നീ വ്യവസ്ഥകൾക്ക് വിധേയമായി കരാറിൽ ഏർപ്പെട്ട് മലപ്പുറം ജില്ലയിലെ നിറമരുതൂർ ഉണ്ണ്യാലിലുള്ള സ്റ്റേഡിയം കം സ്പോർട്സ് കോംപ്ലെക്സ് സ്റ്റേഡിയത്തിന്റെയും, ഇൻഡോർ സ്റ്റേഡിയത്തിന്റെയും, കടമുറികളുടെയും, മറ്റ് അനുബന്ധ കാര്യങ്ങളുടെയും നടത്തിപ്പ് സ്പോർട്സ് കൗൺസിലിന് കൈമാറുന്നതിലേക്ക് പരാമർശ ഉത്തരവ് ഭേദഗതി ചെയ്ത് പുതുക്കിയ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി (സി2/421/2025/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by Sabitha Shiju
Date: 15-03-2026 12:26:19